"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധികചുമതല പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ശ്രീ. എം.പി. അജിത് കുമാർ വഹിച്ചിരുന്ന നടപടി - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1871/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/10/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.7185/2019/പൊഭവ. തീയതി 19.12.2019

2 പഞ്ചായത്ത് ഡയറക്ടറുടെ 27.02.2020-ലെ PAN/3396/2020-E11(DP) നമ്പർ കത്ത്

3 സ.ഉ.(സാധാ) നം.1107/2020/പൊഭവ. തീയതി 10.03.2020

**ഉത്തരവ്**

പഞ്ചായത്ത് ഡയറക്ടറായിരുന്ന ഡോ. ബി.എസ്. തിരുമേനിയെ പരാമർശം (1) പ്രകാരം ട്രാവൻകൂർ ദേവസ്വം ബോർഡ് കമ്മീഷണറായി നിയമിച്ച് ഉത്തരവായിരുന്നുവെന്നും ടി ഉത്തരവിൽ പഞ്ചായത്ത് ഡയറക്ടറായി പകരം ഉദ്യോഗസ്ഥനെ നിയമിക്കുകയോ മറ്റൊരു ഉദ്യോഗസ്ഥന് പഞ്ചായത്ത് ഡയറക്ടറുടെ അധിക ചുമതല നൽകുകകയോ ചെയ്തിരുന്നില്ലെന്നും ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറായിരുന്ന ഡോ. ബി.എസ് തിരുമേനിക്ക് ട്രാവൻകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ ചുമതല ഏറ്റെടുക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ ചുമതല പഞ്ചായത്ത് അഡിഷണൽ ഡയറക്ടറായ ശ്രീ. എം.പി അജിത്കുമാറിന് നൽകി 20.12.2019 പൂർവ്വഹനത്തിൽ വിടുതൽ ചെയ്യുകയുണ്ടായെന്നും, മേൽ സാഹചര്യത്തിൽ പഞ്ചായത്ത് അഡിഷണൽ ഡയറക്ടറായ ശ്രീ. എം.പി. അജിത്കുമാർ 20.12.2019 പൂർവ്വാഹ്നം മുതൽ പഞ്ചായത്ത് ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്നത് സാധൂകരിക്കുന്നതിനും, സർക്കാരിൽ നിന്നും പകരം ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവാകുന്നത് വരെ അഡിഷണൽ ഡയറക്ടർ ശ്രീ. എം.പി അജിത്കുമാറിന് പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടറായി ഡോ. പി.കെ. ജയശ്രീയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഡോ. പി.കെ. ജയശ്രീ 13.03.2020-ൽ പഞ്ചായത്ത് ഡയറക്ടറുടെ ചുമതല ഏറ്റെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് അഡിഷണൽ ഡയറക്ടറായ ശ്രീ. എം.പി. അജിത്കുമാർ

20.12.2019 പൂർവ്വാഹ്നം മുതൽ 12.03.2020 അപരാഹ്നം വരെ പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീ. എം.പി. അജിത്കുമാർ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.10.12 14:53:33 IST
Reason: Approved

സെക്ഷൻ ഓഫീസർ